## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2478 19.03.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ഡോക്ടർമാർക്ക് രജിസ്ട്രേഷൻ

**ചോദ്യം**

**ശ്രീ.എൻ.എ.നെല്ലിക്കുന്ന്**

**,, ടി.എ.അഹമ്മദ് കബീർ**

**,, വി.എം.ഉമ്മർ മാസ്റ്റർ**

**,, സി.മമ്മൂട്ടി**

(എ) ഡോക്ടർമാർക്ക് പുതിയ ചികിത്സാരീതികൾ സ്വായത്തമാക്കുന്നതിനും അറിവുകൾ അപ്ഡേറ്റ് ചെയ്യുന്നതിനും എന്തൊക്കെ സൗകര്യങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ**
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്ക് തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ വഴി പരിശീലന പരിപാടികൾ നൽകി വരുന്നുണ്ട്. ആരോഗ്യ വകുപ്പിലേയ്ക്ക് പുതുതായി നിയമനം നൽകുന്ന ഡോക്ടർമാർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകി വരുന്നു. കൂടാതെ ഇൻസർവീസ് ട്രെയിനിംഗുകളും നൽകാറുണ്ട്. വിവിധ ദേശീയ ആരോഗ്യപരിപാടികളുടെ ഭാഗമായി ആർ.എൻ.ടി.സി.പി, പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലീരോഗ നിയന്ത്രണം, മാതൃശിശു ആരോഗ്യപരിപാടികൾ തുടങ്ങിയ വയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകാറുണ്ട്. പരിശീലനങ്ങൾ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നൽകിവരുന്നു. വിവിധ ആരോഗ്യ പരിപാടികളുടെ ഭാഗമായി ഇന്ത്യ ഗവൺമെന്റിന്റെ ആരോഗ്യമന്ത്രാലയവും മറ്റ് ഏജൻസികളും വഴി ലഭ്യമാക്കുന്ന ദേശീയ തലത്തിലുള്ള പരിശീലനപരിപാടികളിലേയ്ക്കും ഡോക്ടർമാരെ അയച്ച് പരിശീലനം നൽകിവരുന്നുണ്ട്. ആരോഗ്യരംഗത്തെ പ്രൊഫഷണൽ സംഘടനകളായ ഐ.എ.പി (ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്) ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജിക്കൽ സൊസൈറ്റിയുടെ കേരള ഘടകം വഴി ബന്ധപ്പെട്ട മാതൃശിശു പരിപാടികളുടെ പരിശീലനങ്ങൾ, ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ വച്ചുള്ള പരിശീലനങ്ങളും,

അവിടങ്ങളിലെ വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തിയുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു. പരിശീലന പരിപാടികൾക്ക് പുറമെ ചികിൽസാ മാർഗ്ഗരേഖകളും പ്രോട്ടോക്കോളുകളും വിദഗ്ധരെ ഉൾക്കൊള്ളിച്ച് കൊണ്ട് തയ്യാറാക്കി ഡോക്ടർമാർക്ക് നൽകിവരുന്നുണ്ട്. പുതുതായി ഉണ്ടാകുന്ന രോഗങ്ങളുടെ ചികിത്സാ മാർഗ്ഗരേഖകൾ ജീവിതശൈലി രോഗമാർഗ്ഗ രേഖകൾ തുടങ്ങിയവ ഇത്തരത്തിൽ തയ്യാറാക്കി നൽകുകയും ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കു കയും ചെയ്യുന്നു.

മെഡിക്കൽ കോളേജുകളെ സംബന്ധിച്ചിടത്തോളം ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ വിഭാഗങ്ങളിൽ CME (Continuing Medical Education) Programme നടത്താറുണ്ട്. ഇതിനുവേണ്ടി നിശ്ചിത ഫണ്ട് സർക്കാർ നൽകാറുണ്ട്. ഓരോ വർഷവും CME പരിപാടി നടപ്പാക്കുന്നുണ്ട്.

| | |
|---|---|
| (ബി) രജിസ്ട്രേഷൻ പുതുക്കി നല്കുമ്പോൾ ആധുനിക ചികിത്സാരീതികൾ പരിചയമായിട്ടുണ്ടെന്നും, അറിവുകൾ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടെന്നും ഉറപ്പാക്കാൻ എന്തെങ്കിലും നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബ്രാഞ്ചുകൾക്കാണ് ബാധകമായിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ CME കളിൽ പങ്കെടുക്കുന്നവർക്ക് രജിസ്ട്രേഷൻ പുതുക്കി നൽകാറുണ്ട്.<br>TCMC-ഇതിന് പ്രത്യേക നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) സംസ്ഥാനത്ത് രജിസ്ട്രേഷനുള്ള ഡോക്ടർമാരുടെ എണ്ണം ബ്രാഞ്ച് തിരിച്ച് വെളിപ്പെടുത്തുമോ? | (സി) മോഡേൺ മെഡിസിൻ - 53500<br>ആയുർവ്വേദം - 15298<br>യുനാനി - 42<br>ഹോമിയോ - 10769 |

Jobey

സെക്ഷൻ ഓഫീസർ